# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2848.

12..10..2011-ൽ മറുപടിക്ക്

## പാലുല്പാദനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം

**ശ്രീ. വി.ഡി. സതീശൻ**
**ശ്രീ. സി.പി. മുഹമ്മദ്**
**ശ്രീ. റ്റി.എൻ. പ്രതാപൻ**
**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി**

(എ) സംസ്ഥാനത്തെ ആകെ പാലുല്പാദനവും പാൽ ഉപഭോഗവും എത്രയാണ്;

(ബി) സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെയുള്ള ഉല്പാദനം കഴിച്ച് ബാക്കി ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്;

(സി) സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ ചെക്ക് പോസ്റ്റുകളിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ?

ഉത്തരം

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ ആകെ പാലുല്പാദനം പ്രതിദിനം ഏകദേശം 76 ലക്ഷം ലിറ്റർ ആണ്. പാൽ ഉപഭോഗം 82 ലക്ഷം ലിറ്റർ മുതൽ 84 ലക്ഷം ലിറ്റർ വരെയാണ്.

(ബി) തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര.

(സി) സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ ചെക്ക് പോസ്റ്റുകളിൽ സ്ഥിരസംവിധാനമില്ല. എന്നാൽ ഓണക്കാലത്ത് ക്ഷീര വികസന വകുപ്പ് പാറശ്ശാല (തിരുവനന്തപുരം), ആര്യങ്കാവ് (കൊല്ലം), കുമിളി (ഇടുക്കി), വാളയാർ, മീനാക്ഷിപുരം (പാലക്കാട്) എന്നിവിടങ്ങളിൽ താൽക്കാലിക പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിച്ച് പാൽ ഗുണനിലവാര പരിശോധന നടത്തുന്നു.

(ഡി) ക്ഷീരവികസന വകുപ്പ് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉല്പാദനചെലവ് കുറച്ച് പാലുൽപാദനം ലാഭകരമാക്കുന്നതിനു വേണ്ടി തീറ്റപുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നിവ നടപ്പിലാക്കുന്നു. കൂടാതെ, എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി സങ്കരയിനം കറവപശുക്കളെ വാങ്ങുന്നതിനു

വേണ്ടി ധനസഹായവും സാങ്കേതിക സഹായവും വകുപ്പിൽ നിന്നും ലഭ്യമാക്കുന്നു. ക്ഷീരകർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്തുന്നതിന് ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ, കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീര കർഷകർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.